# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6731 04.04.2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച കമ്മീഷൻ ശുപാർശകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. തോമസ് | പ്രൊഫ. സി രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്ത കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) & (ബി) | ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിക്കുകയും **22.02.2018** ലെ സർക്കാർ ഉത്തരവ് (കൈ) നം.**55/2018**/ഉ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിലുള്ള നടപടി ഏത് ഘട്ടത്തിലാണ്; | | |
| (സി) | എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയിലെ ഭരണ സമിതിയിൽ ജനാധിപത്യവൽക്കരണം നടപ്പിലാക്കിയതിനെ തുടർന്ന് പ്രസ്തുത സർവ്വകലാശാലയിലെ ഭരണത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ സർവകലാശാല ആക്ടിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

Rakesh

സെക്ഷൻ ഓഫീസർ